# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2528 09/07/2015 ൽ മറുപടിക്ക്

## ഭിന്നശേഷിയുള്ള കുട്ടികൾക്കായുള്ള പാഠ്യപദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) | ഭിന്നശേഷിയുള്ള കുട്ടികളുടെ പ്രശ്നങ്ങളെ സംബന്ധിച്ച് സമഗ്ര പഠനം നടത്താൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; റിപ്പോർട്ടിലെ ശിപാർശകൾ എന്തെല്ലാം; | എ) | സങ്കലിത വിദ്യാഭ്യാസ പദ്ധതി (IEDSS) യുടെ ഭാഗമായി ഭിന്നശേഷിയുള്ള കുട്ടികളുടെ പ്രശ്നങ്ങളെ സംബന്ധിച്ച് സമഗ്ര പഠനം നടത്താൻ ആരെയും ചുമതലപ്പെടുത്തിയിട്ടില്ല. |
| ബി) | സംസ്ഥാനത്ത് ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കായി പുതിയ പാഠ്യപദ്ധതി നടപ്പാക്കുന്നുണ്ടോ ; എങ്കിൽ ആരാണ് പദ്ധതി തയ്യാറാക്കിയത്; | ബി) | സങ്കലിത വിദ്യാഭ്യാസ പദ്ധതി (IEDSS) യുടെ കീഴിൽ വരുന്ന ഭിന്നശേഷിക്കാരായ കുട്ടികൾ സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിലാണ് പഠിക്കുന്നത്. പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്ന ഇവർ സംസ്ഥാന സിലബസ് ആണ് പിന്തുടരുന്നത്. |
| സി) | സംസ്ഥാനത്ത് എല്ലാ സ്കൂളുകളിലും ഈ പദ്ധതി നടപ്പാക്കുന്നുണ്ടോ ; ഇല്ലെങ്കിൽ തെരഞ്ഞെടുത്ത സ്കൂളുകളിൽ മാത്രമാണോ; ഇതു സംബന്ധിച്ച ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ ; വിശദവിവരം നൽകാമോ ? | സി) | സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ സങ്കലിത വിദ്യാഭ്യാസ പദ്ധതി (IEDSS) യിൻ കീഴിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾ സംസ്ഥാന സിലബസ് തന്നെയാണ് പിന്തുടരുന്നത്. |

സെക്ഷൻ ഓഫീസർ